# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 175 06.01.2014-ൽ മറുപടി

### കേരളത്തിൽ മാവോവാദികളുടെ സാന്നിദ്ധ്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ മാവോവാദികളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; | (എ) 2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ മുഖ്യമായും വനപ്രദേശങ്ങളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തു വരുന്നുണ്ട്. നാളിതുവരെ 48 തവണ മാവോയിസ്റ്റുകളെന്നു സംശയിക്കുന്നവരെ പ്രദേശവാസികൾ കണ്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| ബി) ഇവരെ കണ്ടെത്തുന്നതിന് പ്രത്യേക അന്വേഷണ സംഘത്തേയോ സേനയേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഇവരെ കണ്ടെത്തുന്നതിനായി സംസ്ഥാന പോലീസിന്റെ പ്രത്യേക പോലീസ് സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) എങ്കിൽ ഇതിനായി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് ; | (സി) ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ നിലവിലുള്ള സേനാവിഭാഗങ്ങളെയും അതിലുള്ള സേനാംഗങ്ങളെയും മാത്രമേ ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. |
| ഡി) നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ? | (ഡി) ഇതുമായി ബന്ധപ്പെട്ട് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ